ഭാഗ്യക്കുറി നറുക്കെടുപ്പ്

1308. [1957] ശ്രീ. എ. കെ. ശശീന്ദ്രൻ :
,, വി. സി. കബീർ :
,, സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭാഗ്യക്കുറി നറുക്കെടുപ്പ് നടത്തുന്നതിന് അനുവാദം ചോദിച്ചുകൊണ്ട് ആകെ എത്ര അപേക്ഷ സർക്കാരിന് ലഭിച്ചു ;

(ബി) അപേക്ഷകർ ആരെല്ലാം ;

(സി) ഇതിൽ അനുവാദം നൽകിയത് ആർക്കെല്ലാമാണ് ;

(ഡി) അനുവാദം നൽകുന്നതിന്റെ മാനദണ്ഡമെന്താണ് ?

ഉത്തരം

(എ) ഭാഗ്യക്കുറിക്ക് മാത്രമായി 8 പേരിൽ നിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) നേവൽ റാഫിം ഇൻഡ്യൻ എയർഫോഴ്സ്, ഇൻഡ്യൻ എയർ ഫോഴ്സ് വൈവ്സ് വെൽഫെയർ അസോസിയേഷൻ, കേരള ഭാഗ്യമാല കക്കഞ്ചേരി സ്കൂൾ നിർമ്മാണ കമ്മിറ്റി–വിൻസെന്റ് ഡി പോൾ സൊസൈറ്റി–കൊല്ലം സോഷ്യൽ സർവ്വീസ് സൊസൈറ്റി, സെക്രട്ടറി, ചേമ്പർ ഓഫ് കോമേഴ്സ്.

(സി) നേവൽ റാഫിം, ഇൻഡ്യൻ എയർഫോഴ്സ്, ഇൻഡ്യൻ എയർ ഫോഴ്സ് വൈവ്സ് വെൽഫെയർ അസോസിയേഷൻ–കേരള ഭാഗ്യമാല (കേരളാ പോലീസ് സ്പോർട്സ് ആൻറ് യൂത്ത് വെൽഫെയർ സൊസൈറ്റി) എന്നിവയ്ക്കാണ്.

(ഡി) ഓരോ അപേക്ഷയുടെയും പൊതു താൽപ്പര്യവും ഗുണദോഷങ്ങളും കണക്കിലെടുത്തുകൊണ്ടാണ് അനുവാദം നൽകാറുള്ളത്.

1309. [1958] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് പ്രസ്സുകളിൽ 1982 മുതൽ ഭവന നിർമ്മാണ വായ്പക്കുവേണ്ടിയുള്ള അപേക്ഷകരിൽ 1986 സെപ്റ്റംബർ വരെ എത്ര പട്ടികജാതി/പട്ടികവർഗ്ഗ ജീവനക്കാർക്ക് വായ്പ നൽകിയിട്ടുണ്ട് ;

(ബി) ഇനി എത്ര പട്ടികജാതി/പട്ടികവർഗ്ഗ ജീവനക്കാർക്ക് നൽകാനുണ്ട് ?

ഉത്തരം

(എ) അച്ചടി വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് പ്രസ്സുകളിൽ 1982 മുതൽ 1986 സെപ്റ്റംബർ വരെയുള്ള കാലയളവിൽ 19 പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണ വായ്പ നൽകിയിട്ടുണ്ട്.

(ബി) ഇനി ഏഴു പട്ടികജാതി/പട്ടികവർഗ്ഗ അപേക്ഷകർക്കുകൂടി ഭവന നിർമ്മാണ വായ്പ നൽകാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly